<u>15 -ാം കേരള നിയമസഭ</u>

<u>4 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2006</u> <u>16-03-2022 - ൽ മറുപടിയ്ക്ക്</u>

<u>കെ-ഫോൺ പദ്ധതിക്കാവശ്യമായ ബാന്റ് വിഡ്ത്ത് കണക്ടിവിറ്റി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | null<br>(മുഖ്യമന്ത്രി) | |
| (എ) | കെ-ഫോൺ പദ്ധതിയുടെ ഭാഗമായി അതിവേഗ ഇൻറർനെറ്റ് കണക്ഷൻ ഓഫീസുകളിലും വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൽകുന്നതിന് ആവശ്യമായ ബാന്റ് വിഡ്ത്ത് കണക്ടിവിറ്റി ഏതെല്ലാം ടെലികോം സർവ്വീസ് പ്രൊവൈഡർമാരിൽ നിന്നാണ് ലഭിക്കുന്നതെന്നും അവ സൗജന്യമായാണോ ലഭ്യമാക്കുന്നതെന്നും അറിയിക്കാമോ; | (എ) | കേന്ദ്ര പൊതുമേഖല സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിൽ നിന്നും ലഭ്യമാക്കുന്ന 1 gbps ബാൻഡ് വിഡ്ത്ത് ഉപയോഗിച്ചാണ് നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് കണക്ഷൻ നൽകി വരുന്നത്. പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനാവശ്യമായി വരുന്ന ബാൻഡ് വിഡ്ത്ത് ലഭ്യമാക്കുന്നതിനായി ടെൻഡർ നടപടികളിലൂടെ സർവീസ് പ്രൊവൈഡർമാരെ തെരഞ്ഞെടുക്കുന്നതാണ്. |
| (ബി) | സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇരുപതുലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്കും അതിവേഗ ഇൻറർനെറ്റ് കണക്ടിവിറ്റി നൽകുന്നതിന് ഈ സൗജന്യ ബാൻറ് വിഡ്ത്ത് കണക്ഷൻ മതിയാകുമോ; ഇല്ലെങ്കിൽ കൂടുതൽ ബാന്റ് വിഡ്ത്ത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | കേന്ദ്ര പൊതുമേഖല സ്ഥാപനമായ പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡിൽ നിന്നും ലഭ്യമാക്കുന്ന 1 gbps ബാൻഡ് വിഡ്ത്ത് ഉപയോഗിച്ചാണ് നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ കെ-ഫോൺ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് കണക്ഷൻ നൽകി വരുന്നത്. പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനാവശ്യമായി വരുന്ന ബാൻഡ് വിഡ്ത്ത് ലഭ്യമാക്കുന്നതിനായി ടെൻഡർ നടപടികളിലൂടെ സർവീസ് പ്രൊവൈഡർമാരെ തെരഞ്ഞെടുക്കുന്നതാണ്. |
| (സി) | സ്വകാര്യ സർവ്വീസ് പ്രൊവൈഡർമാർ നൽകുന്ന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ അതിവേഗ ഇൻറർനെറ്റ് കണക്ടിവിറ്റി നൽകുവാൻ കെ ഫോൺ പദ്ധതിക്ക് കഴിയുമോയെന്നും ഇല്ലെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ? | (സി) | കേരളത്തിലെ സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയ്ക്ക് സ്വകാര്യ സർവ്വീസ് പ്രൊവൈഡർമാർ നൽകുന്ന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി നൽകുവാൻ കെ-ഫോൺ പദ്ധതിക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ